**മഹാത്മാഗാന്ധി സർവ്വകലാശാല**
**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ഫെബ്രുവരി 21

# വാർത്താക്കുറിപ്പ്

---

## ഡോ. അനിൽകുമാർ ഗോപിനാഥന് ആർ.എസ്.സി. ഫെല്ലോഷിപ്പ്

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് കെമിക്കൽ സയൻസസിലെ പ്രൊഫസർ, ഡോ. അനിൽകുമാർ ഗോപിനാഥന് യു.കെ. ആസ്ഥാനമായി റോയൽ സൊസൈറ്റി ഓഫ് കെമിസ്ട്രിയുടെ (ആർ.എസ്.സി.) ഫെല്ലോഷിപ്പ്. ഒരു ശ്സ്ത്രശാഖയെന്ന നിലയിൽ രസതന്ത്രത്തെ സമ്പുഷ്ടമാക്കുന്നതിന് അക്കാദമിക്-ഗവേഷണ മേഖലകളിലൂടെ കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ നൽകിയ സംഭാവനകൾ പരിഗണിച്ചാണ് ആർ.എസ്.സി. ഡോ. അനിൽകുമാർ ഗോപിനാഥന് ഈ ബഹുമതി നൽകിയിട്ടുള്ളത്.

രസതന്ത്രത്തിലുള്ള പഠന-ഗവേഷണ പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തുന്നതിനും ലോകത്തെമ്പാടു നിന്നുള്ള ശാസ്ത്രജ്ഞരുടേയും ഗവേഷകരുടെയുമിടയിലുള്ള അക്കാദമിക് സഹകരണം ശക്തിപ്പെടുത്തുന്നതിനുമായി 1848 മുതൽ യു.കെ. ആസ്ഥാനമായി പ്രവർത്തിച്ചു വരുന്നതാണ് റോയൽ സൊസൈറ്റി ഓഫ് കെമിസ്ട്രി. രസതന്ത്രജ്ഞരുടെയും ഗവേഷകരുടെയും സംഘടന എന്ന നിലയിൽ സൊസൈറ്റിയിൽ ലഭ്യമായുട്ടുള്ള സൗകര്യങ്ങളും വിവരങ്ങളും പ്രയോജനപ്പെടുത്തി കൂടുതൽ ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ഗവേഷണരംഗത്തെ സ്വന്തമായുള്ള നേട്ടങ്ങൾ തുടർ ഗവേഷണങ്ങൾക്കായി ശാസ്ത്രലോകത്തെ മറ്റ് വിദഗ്ധരുമായി പങ്കു വയ്ക്കുന്നതിനും സഹായകമാകുന്നതാണ് ആർ.എസ്.സി. ഫെല്ലോഷിപ്പ്.
ആറ്റിങ്ങൽ മാർത്താണ്ഡാലയത്തിൽ പരേതനായ എം. ഗോപിനാഥന്റെയും എൻ. ഇന്ദിരയുടെയും മകനാണ് ഡോ. അനിൽ കുമാർ ഗോപിനാഥൻ. ഭാര്യ പി.എസ്. ലത, ഡോ. എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയിൽ അസിസ്റ്റന്റ് രജിസ്ട്രാർ ആയിരുന്നു. മകൾ ലക്ഷ്മി അനിൽ മെഡിക്കൽ വിദ്യാർത്ഥിനി.

**ഫോട്ടോ കാപ്ഷൻ: അനിൽകുമാർ ഗോപിനാഥൻ**

(പി.ആർ.ഒ./39/192/2022)

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ സുരക്ഷാ ജീവനക്കാരുടെ താത്കാലിക - ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. യോഗ്യത, അപേക്ഷിക്കേണ്ട രീതി തുടങ്ങിയ വിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റായ www.mgu.ac.in ൽ ലഭ്യമാണ്. അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി മാർച്ച് മൂന്ന്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ : 0481 - 2733303.

(പി.ആർ.ഒ./39/193/2022)

## പരീക്ഷാ തീയതി

ഒന്നാം സെമസ്റ്റർ എൽ.എൽ.ബി (ത്രിവത്സരം) (2020 അഡ്മിഷൻ - റെഗുലർ / 2019, 2018 അഡ്മിഷൻ - സപ്ലിമെന്ററി - അഫിലിയേറ്റഡ് കോളേജുകൾ) പരീക്ഷകൾ മാർച്ച് എട്ട് മുതൽ. പിഴയില്ലാതെ ഫെബ്രുവരി 25 വരെയും 525 രൂപ പിഴയോടു കൂടി ഫെബ്രുവരി 26 നും 1050 രൂപ സൂപ്പർഫൈനോടു കൂടി ഫെബ്രുവരി 28 വരെയും അപേക്ഷിക്കാം. റെഗുലർ വിദ്യാർത്ഥികൾ 210 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 35 രൂപ (പരമാവധി 210 രൂപ) നിരക്കിലും സി.വി. ക്യാമ്പ് ഫീസ് പരീക്ഷാഫീസിന് പുറമേ അടയ്ക്കണം. വിശദവിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/194/2022)

ഒന്നാം സെമസ്റ്റർ എം.എസ്.സി. / എം.കോം. / എം.എ. / എം.സി.ജെ. / എം.എസ്.ഡബ്ല്യൂ. / എം.റ്റി.എ. / എം.റ്റി.റ്റി.എം. (2018, 2017, 2016 അഡ്മിഷൻ - സപ്ലിമെന്ററി / 2015, 2014, 2013, 2012 അഡ്മിഷൻ - മേഴ്സി ചാൻസ്) (സി.എസ്.എസ്.) പരീക്ഷകൾ മാർച്ച് 16 ന് തുടങ്ങും. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/195/2022)

ഒന്നാം സെമസ്റ്റർ ബി.ടെക് (2015 അഡ്മിഷൻ മുതൽ - സപ്ലിമെന്ററി - സീപാസ് കോഴ്സ്) പരീക്ഷകൾ മാർച്ച് രണ്ടിന് തുടങ്ങും. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/196/2022)

രണ്ടാം സെമസ്റ്റർ എം.എഡ്. - ദ്വിവത്സരം, (2020 അഡ്മിഷൻ - റെഗുലർ / 2019 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷകൾ മാർച്ച് നാലിന് തുടങ്ങും. പിഴയില്ലാതെ ഫെബ്രുവരി 25 വരെയും 525 രൂപ പിഴയോടു കൂടി ഫെബ്രുവരി 26 നും 1050 രൂപ സൂപ്പർഫൈനോടു കൂടി ഫെബ്രുവരി 28 വരെയും അപേക്ഷിക്കാം. റെഗുലർ വിദ്യാർത്ഥികൾ 210 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 55 രൂപ (പരമാവധി 210 രൂപ) നിരക്കിലും സി.വി. ക്യാമ്പ് ഫീസും പരീക്ഷാഫീസിന് പുറമേ അടയ്ക്കണം. വിശദവിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/197/2022)

## പരീക്ഷാ ഫലം

2021 മാർച്ചിൽ നടന്ന ഒന്നാം സെമസ്റ്റർ ബി.കോം - എൽ.എൽ.ബി. - പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി (ഓണേഴ്സ്) (2019 അഡ്മിഷൻ - റെഗുലർ / 2018, 2015-2017, 2013-2014 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷകൾ യഥാക്രമം 370 രൂപ, 160 രൂപ നിരക്കിലുള്ള ഫീസ് സഹിതം മാർച്ച് ഏഴിനകം പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ ലഭിച്ചിരിക്കണം.

(പി.ആർ.ഒ./39/198/2022)

2021 മാർച്ചിൽ നടന്ന ഒന്നാം സെമസ്റ്റർ ബി.എ. എൽ.എൽ.ബി. - പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി (2015, 2012 - 2014 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷകൾ യഥാക്രമം 370 രൂപ, 160 രൂപ നിരക്കിലുള്ള ഫീസ് സഹിതം മാർച്ച് ഏഴിനകം പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ ലഭിച്ചിരിക്കണം..

(പി.ആർ.ഒ./39/199/2022)

2021 മാർച്ചിൽ നടന്ന ഒന്നാം സെമസ്റ്റർ ബി.എ.- എൽ.എൽ.ബി. - പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി (ഓണേഴ്സ്) (2019 അഡ്മിഷൻ - റെഗുലർ / 2018, 2017, 2016 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷകൾ യഥാക്രമം 370 രൂപ, 160 രൂപ നിരക്കിലുള്ള ഫീസ് സഹിതം മാർച്ച് ഏഴിനകം പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കണം.

(പി.ആർ.ഒ./39/200/2022)

2021 ആഗസ്റ്റിൽ നടന്ന മൂന്നാം വർഷ എം.എസ്.സി - മെഡിക്കൽ അനാട്ടമി പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് പേപ്പറൊന്നിന് 160 രൂപ നിരക്കിൽ ഫീസടച്ച് മാർച്ച് നാല് വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ./39/201/2022)

2021 മാർച്ചിൽ നടന്ന ഒന്നാം സെമസ്റ്റർ ബി.ബി.എ. എൽ.എൽ.ബി (പഞ്ചവത്സരം) ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി (2019 അഡ്മിഷൻ - റെഗുലർ / 2018 അഡ്മിഷൻ - സപ്ലിമെന്ററി / 2013-2017 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷകൾ യഥാക്രമം 370 രൂപ,

160 രൂപ നിരക്കിലുള്ള ഫീസ് സഹിതം മാർച്ച് ഏഴിനകം പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കണം.

(പി.ആർ.ഒ./39/202/2022)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ